# ഭാവങ്ങൾ രൂപങ്ങൾ



അഞ്ജനവിഗ്രഹ
 രൂപമേ! നിൻമിഴി–
ത്തുമ്പിലൊതുങ്ങാത്ത
 ഭാവവും രൂപവും

തേടിയലഞ്ഞു
 നടക്കുന്നിതെന്നന്ത–
രാത്മദാഹങ്ങളി–
 ന്നീമണൽക്കാട്ടിലും.

ആളിപ്പടരുമാ–
 വേശമേ, നിന്നെയി–
ന്നാരാധനാമുറി–
 ക്കുള്ളിലടയ്ക്കുവാൻ

പഞ്ചലോഹത്തി–
 ലുരുക്കി മേടിച്ചു ഞാൻ
നിന്നെ വിറ്റുണ്ണുന്ന
 വാണിഭച്ചന്തയിൽ.

ഇന്നലെ, നിന്നെ–
 ക്കുരിശിൽത്തറച്ചു ഞാൻ
എന്തിനോ കല്ലേറി–
 ഞ്ഞോടിച്ചു നിന്നെ ഞാൻ.

ഗംഗാജലം തളി–
 ച്ചിന്നിതാ പിന്നെയും
നിൻ വഴിത്താരയിൽ
 പൂക്കൾ വിരിപ്പൂ ഞാൻ. ■